മയം ലഭ്യമാകാതെ വന്നാൽ അടിയന്തിര സാഹചര്യങ്ങളിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതാണ്.

ഗ്രാമ പഞ്ചായത്തുകളിൽ മാവേലീസ്റ്റോർ ആരംഭിക്കുന്നതിന് നടപടി

101 (758) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടയ്ക്കാട് മണ്ഡലത്തിൽപ്പെടുന്ന തോട്ടടയിൽ ഒരു മാവേലീ സ്റ്റോർ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഇനി എത്ര ഗ്രാമപഞ്ചായത്തുകളിൽ മാവേലീ സ്റ്റോർ ആരംഭിക്കാനുണ്ടെന്നും അവ എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) സംസ്ഥാനത്ത് 356 ഗ്രാമപഞ്ചായത്തുകളിൽ മാവേലീസ്റ്റോർ ആരംഭിക്കാനുണ്ട്. അനുയോജ്യമായ കെട്ടിടം കിട്ടുന്ന മുറയ്ക്ക് അവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മാവേലീസ്റ്റോറുകളിലെ വിൽപ്പന വർദ്ധിപ്പിക്കാൻ നടപടി

102 (759) ശ്രീ. എ. അലി. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലീസ്റ്റോറുകളിലെ പ്രതിദിന വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മാവേലീസ്റ്റോറുകളിൽകൂടി ഉള്ളി, ഉരുളക്കിഴങ്ങ് തുടങ്ങിയവയുടെ വിൽപ്പന പുനരാരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാവേലീസ്റ്റോറുകളിലെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിന് സാധനങ്ങൾക്ക് സർക്കാർ സബ്സിഡി നൽകിക്കൊണ്ടാണ് വിൽപ്പന നടത്തുന്നത്. പലവ്യഞ്ജനങ്ങൾ, അരി, പഞ്ചസാര മുതലായ 18 ഇനം സാധനങ്ങൾക്ക് സർക്കാരാണ് മാസാമാസം വില നിശ്ചയിക്കുന്നത്. മാവേലീയിതര സാധനങ്ങളായ സോപ്പ്, ടൂത്ത്പേസ്റ്റ് മുതലായവ മാക്സിമം റീട്ടെയിൽ പ്രൈസിനെക്കാളും കുറഞ്ഞ വിലയ്ക്കും മാവേലിസ്റ്റോറുകളിലൂടെ വിൽപ്പന നടത്തുന്നു. ഇവ വിൽക്കുന്നത് പ്രോത്സാഹിപ്പിക്കാൻ മാവേലിസ്റ്റോറുകളിലെ ജീവനക്കാർക്ക് ഇൻസെന്റീവും നൽകിവരുന്നുണ്ട്.

(ബി) താരതമ്യേന പെട്ടെന്ന് കേടു സംഭവിക്കുന്ന സാധനങ്ങളാകയാൽ മാവേലീസ്റ്റോറുകളിൽ കൂടി ഉള്ളി, ഉരുളക്കിഴങ്ങ് തുടങ്ങിയവയുടെ വിൽപ്പന പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly